## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1099 12.06.2014 -ലെ മറുപടിയ്ക്ക്

## പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

*ചോദ്യം*
ശ്രീ. ബി. ഡി. ദേവസ്സി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ വർഷം 'നാക് റീ അക്രഡിറ്റേഷൻ' വിസിറ്റ് നടക്കുന്ന ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ എം.എ. ഇംഗ്ലീഷ്, ബി.എസ്.സി. ഫിസിക്സ്, എം.കോം ഫൈനാൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 2014-15 അദ്ധ്യയന വർഷത്തിൽ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനം നിലവിലില്ല. പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ യു.ജി.സി.യിൽ നിന്നുള്ള ധനസഹായത്താൽ വിദ്യാർത്ഥിനികൾക്കായി നിർമ്മിച്ച വനിതാ ഹോസ്റ്റൽ പണിപൂർത്തിയാക്കി ഒരു വർഷം പിന്നിട്ടിട്ടും ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ലാത്തതിനാൽ ഇനിയും പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | ഹോസ്റ്റൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ